**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 864** **18-09-2025 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മണ്ഡലത്തിലെ ആദിവാസി കുടുംബങ്ങൾക്ക് ഭൂമിയും വീടും കൃഷിസ്ഥലവും ലഭ്യമാക്കുന്നതിന് നടപടി .**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ആര്യാടൻ ഷൗക്കത്ത്** | **ശ്രീ ഒ . ആർ. കേളു**<br>**(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** |

(എ) വനാവകാശ നിയമപ്രകാരം നിലമ്പൂർ മണ്ഡലത്തിൽ എത്ര ആദിവാസി കുടുംബങ്ങളാണ് ഭൂമിക്കായി അപേക്ഷ നൽകിയതെന്നും ഇതുവരെ എത്ര കുടുംബങ്ങൾക്ക് ഭൂമി നൽകിയിട്ടുണ്ടെന്നും സംബന്ധിച്ച പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(എ) **നിലമ്പൂർ നിയോജക മണ്ഡലത്തിൽ വനാവകാശ നിയമം 2006 പ്രകാരം വ്യക്തിഗത വനാവകാശം അനുവദിക്കുന്നതിന് 737 പേർ അപേക്ഷിച്ചു. ആയതിൽ 544 പേർക്ക് ROR വിതരണം ചെയ്തിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.**

| പഞ്ചായത്ത് | അപേക്ഷകളുടെ എണ്ണം | നൽകിയ കൈവശരേഖകളുടെ എണ്ണം |
|---|---|---|
| അമരമ്പലം | 55 | 55 |
| കരുളായി | 321 | 128 |
| മൂത്തേടം | 22 | 22 |
| പോത്തുകൽ | 268 | 268 |
| വഴിക്കടവ് | 71 | 71 |
| **ആകെ** | **737** | **544** |

(ബി) 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയത്തിൽ വീടും കൃഷി സ്ഥലവും നഷ്ടപ്പെട്ട് വനത്തിനുള്ളിൽ പ്ലാസ്റ്റിക് ഷീറ്റ് മേഞ്ഞ ഷെഡുകളിൽ ശുചിമുറിയോ കുടിവെള്ള സൗകര്യമോ ഇല്ലാതെ ദുരിത ജീവിതം നയിക്കുന്ന നിലമ്പൂർ-പോത്തുകൽ പഞ്ചായത്തിലെ വാണിയമ്പുഴ, ഇരുട്ടുകുത്തി, തരിപ്പപൊട്ടി, കുമ്പളപ്പാറ, കരുളായി പഞ്ചായത്തിലെ മുണ്ടക്കടവ്, വട്ടിക്കല്ല് എന്നീ ഉന്നതികളിലെ മുന്നൂറോളം ആദിവാസി കുടുംബങ്ങൾക്ക് വീടും സ്ഥലും കൃഷിഭൂമിയും നൽകുന്നതിന് നടപടി

(ബി) **2018, 2019 പ്രളയത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട പോത്ത്കല്ല് ഗ്രാമ പഞ്ചായത്തിലെ വാണിയംമ്പുഴ, തരിപ്പപ്പൊട്ടി ഉന്നതികളിലെ 41 പേർക്ക് പ്രളയത്തിൽ നഷ്ടപ്പെട്ടുപോയ ഭൂമിയിൽ നൽകിയ വനാവകാശ രേഖ റദ്ദ് ചെയ്ത് നിലവിൽ ഭൂമിക്ക് മുൻപ് വനാവകാശം നിയമപ്രകാരം അനുവദിച്ച അതേ അളവിലും, കരുളായി ഗ്രാമ പഞ്ചായത്തിലെ പുലിമുണ്ട-മുണ്ടക്കടവ്, വട്ടിക്കല്ല് ഉന്നതികളിലെ 53 പേർക്ക് 0.8332 ഹെക്ടർ വീതവും ഭൂമിയ്ക്ക് കൈവശാവകാശരേഖ നൽകുന്നതിന് ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റി (DLC) തീരുമാനം എടുത്തിട്ടുണ്ട്. ഇരുട്ടുകുത്തി, കുമ്പളപ്പാറ ഉന്നതികളിലെ കുടുംബങ്ങൾ നിലവിൽ ഈ ഉന്നതികളിൽ തന്നെയാണ് താമസിക്കുന്നത്.**

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | | |
| (സി) | 2018-ലെ പ്രളയത്തിൽ പുന്നപ്പുഴക്ക് കുറുകെയുള്ള ഇരുമ്പുപാലവും വീടുകളും തകർന്നതിനാൽ വഴിക്കടവ് പഞ്ചായത്തിലെ പുഞ്ചകൊല്ലി, അളക്കൽ ഉന്നതിക്കാർ കഴിഞ്ഞ 7 വർഷമായി പുറംലോകവുമായി ഒറ്റപ്പെട്ട് കഴിയുന്ന ദുരിതാവസ്ഥ പരിഹരിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | **2018 ലെ പ്രളയത്തിൽ തകർന്ന പുന്നപ്പുഴക്ക് കുറുകെയുള്ള പാലം നിർമ്മിക്കുന്ന നടപടി പൊതുമരാമത്ത് വകുപ്പാണ് കൈകാര്യം ചെയ്തുവരുന്നത്.** |
| (ഡി) | ഭൂരഹിതരായ ആദിവാസികൾ 2 വർഷത്തോളം ബിന്ദു വൈലാശേരിയുടെ നേതൃത്വത്തിൽ ജില്ലാ പട്ടികജാതി പട്ടികവർഗ ഓഫീസിന് മുന്നിൽ നടത്തി വന്ന സമരവും തുടർന്ന് കളക്ടറുമായുണ്ടാക്കിയ ഒത്തുതീർപ്പ് കരാറും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കരാർ പാലിക്കാത്തതിന്റെ പേരിൽ ഇന്നും മലപ്പുറം കളക്ടറേറ്റിന്റെ മുന്നിൽ സമരം തുടർന്ന് പോരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കളക്ടറുമായുണ്ടാക്കിയ പ്രസ്തുത കരാർ നടപ്പിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.**<br><br>**ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 22.01.2024ൽ 570 ഗുണഭോക്താക്കൾക്ക് 176.1 ഏക്കർ ഭൂമിയും അവശേഷിക്കുന്ന അപേക്ഷകരിൽ ഗുണഭോക്തൃ തിരിച്ചറിയൽ കമ്മിറ്റി യോഗത്തിന്റെ ശുപാർശകൾ 15.03.2025 ന് ചേർന്ന ടി.ആർ.ഡി.എം. ജില്ലാ മിഷൻ പരിഗണിക്കുകയും കമ്മിറ്റി ശുപാർശ ചെയ്ത 417 അപേക്ഷകരുടെ ഗുണഭോക്തൃ പട്ടികയ്ക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഈ ഗുണഭോക്താക്കൾക്ക് ഭൂമി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.** |

സെക്ഷൻ ഓഫീസർ